BY SPEED POST WITH A/C

**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പട്ടികജാതി/പട്ടികവർഗ്ഗ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന അഡ്വൈസ് ചെയ്യപ്പെട്ട 5 ഉദ്യോഗാർത്ഥികൾ 8 മാസക്കാല പ്രീ-എൻടി പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനെത്തുടർന്ന് ടി 5 പരിശീലനാർത്ഥികളെയും ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ വകുപ്പിന്റെ വിവിധ ക്ഷീരവികസന യൂണിറ്റ് കാര്യാലയങ്ങളിൽ 35,600--75400 രൂപ ശമ്പള സ്കെയിലിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/3052/2022-E1 തിരുവനന്തപുരം, തീയതി : 18-10-2025

പരാമർശം:-

1. ജി.ഒ. (പി) നം. 137/89/എ.ഡി., തീയതി : 07.06.1989.
2. ജി.ഒ. (പി) നം. 443/92/ഫിൻ., തീയതി : 01.07.1992.
3. ജി.ഒ. (പി) നം. 261/85/എ.ഡി., തീയതി : 30.09.1985.
4. ജി.ഒ. (ആർ.റ്റി.) നം. 2441/12/എ.ഡി., തീയതി : 20.12.2012.
5. ജി.ഒ. (പി) നം. 20/2013/ധന., തീയതി : 07.01.2013.
6. സർക്കുലർ നം. 7/2014/ധന., തീയതി : 06.02.2014.
7. ജി.ഒ. (പി) നം. 27/2021/ഫിൻ., തീയതി : 10.02.2021.
8. ബഹു. കൃഷി (ക്ഷീരവികസന) വകുപ്പ് സെക്രട്ടറിയുടെ 13.12.2023 ലെ ഡി1/153/2023-ഡി.ഡി. നമ്പർ കത്ത്.
9. ബഹു. കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 09.12.2024 ലെ എസ്.ആർ. 2-4/1/2022-കെ.പി.എസ്.സി. നമ്പർ നിയമന ശിപാർശാ കത്ത്.
10. ഈ കാര്യാലയത്തിൽ നിന്നുള്ള 04.02.2025 ലെ മേൽനമ്പർ പ്രീ-എൻടി പരിശീലന ഉത്തരവ്.
11. തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ 15.10.2025 ലെ DTCTVM/52/2025-C നമ്പർ കത്തും മാർക്ക് ലിസ്റ്റും.

**ഉത്തരവ്**

മേൽപരാമർശം (9) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ അഡ്വൈസ് ചെയ്യപ്പെട്ട 5 ഉദ്യോഗാർത്ഥികളെ മേൽപരാമർശം (10) ലെ ഉത്തരവ് പ്രകാരം ഡെയറി ഫാം ഇൻസ്ട്രക്ടർ

തസ്തികയിലെ നിയമനത്തിനായുള്ള 8 മാസക്കാല പ്രീ-എൻടി പരിശീലനത്തിനായി തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രത്തിൽ നിയോഗിച്ച് ഉത്തരവായിരുന്നു. ടി 5 പരിശീലനാർത്ഥികളും പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വിവരം മേൽപരാമർശം (11) ലെ കത്ത് പ്രകാരം തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി 5 പരിശീലനാർത്ഥികളെയും 35,600--75,400 രൂപാ ശമ്പള സ്കെയിലിൽ താഴെപ്പറയുംവിധം ക്ഷീരവികസന യൂണിറ്റ് കാര്യാലയങ്ങളിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഡെയറി ഫാം ഇൻസ്ട്രക്ടറായി നിയമനം ലഭിക്കുന്ന പരിശീലനാർത്ഥിയുടെ പേര് | നിയമനം നൽകുന്ന ക്ഷീരവികസന യൂണിറ്റ് കാര്യാലയം, ജില്ല | റിപ്പോർട്ടിംഗ് ഓഫീസർ, ക്ഷീരവികസന യൂണിറ്റ്, ജില്ല |
|---|---|---|---|
| 1 | മഹിമ മണിക്കുട്ടൻ കെ.,<br>മേഘാലയം, മൈലാടി,<br>വഞ്ചിയൂർക്കോണം,<br>പുളിയറക്കോണം,<br>തിരുവനന്തപുരം<br>പിൻ - 695 573. | കോതമംഗലം,<br>എറണാകുളം | ക്ഷീരവികസന ഓഫീസർ,<br>കോതമംഗലം<br>എറണാകുളം. |
| 2 | നിതിൻ വി.,<br>നിതിൻ ഭവനം,<br>മേക്കാട്,<br>പൻമന, കൊല്ലം,<br>പിൻ - 691 583 | അടിമാലി,<br>ഇടുക്കി | ക്ഷീരവികസന ഓഫീസർ,<br>അടിമാലി,<br>ഇടുക്കി. |
| 3 | അമൃത എം.പി.,<br>വന്നിലപ്പറമ്പ് ഹൗസ്,<br>മൈത്ര, മൈത്ര പി.ഒ.,<br>മലപ്പുറം,<br>പിൻ - 673 639. | മാനന്തവാടി,<br>വയനാട് | ക്ഷീരവികസന ഓഫീസർ,<br>മാനന്തവാടി,<br>വയനാട്. |
| 4 | ആരോമൽ എ.എസ്.,<br>ചരുവിള പുത്തൻവീട്,<br>ഇരുമ്പനങ്ങാട്,<br>ഇരുമ്പനങ്ങാട് പി.ഒ., | മൂന്നാർ/ദേവികുളം,<br>ഇടുക്കി | ക്ഷീരവികസന ഓഫീസർ,<br>മൂന്നാർ/ദേവികുളം, |

| | | | |
|---|---|---|---|
| | എഴുകോൺ,<br>കൊല്ലം<br>പിൻ - 691 505. | | ഇടുക്കി. |
| 5 | സേതുലക്ഷ്മി കെ.ബി.,<br>കുവക്കാട്ടിൽ,<br>എൽത്തുരുത്ത്,<br>കൊടുങ്ങല്ലൂർ,<br>തൃശ്ശൂർ,<br>പിൻ - 680 664.<br><br>**കമ്മ്യൂണിക്കേഷൻ മേൽവിലാസം**<br>സേതുലക്ഷ്മി കെ.ബി.,<br>റെയിൽവേ ക്വാർട്ടേഴ്സ് നം. 664 എഫ്.,<br>ഓൾഡ് റെയിൽവേ കോളനി,<br>ഒലവക്കോട്,<br>പാലക്കാട്,<br>പിൻ - 678 002. | കുവപ്പടി,<br>എറണാകുളം. | ക്ഷീരവികസന ഓഫീസർ,<br>കുവപ്പടി,<br>എറണാകുളം. |

ടി നിയമനം താൽക്കാലികവും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ പാർട്ട് 2 പൊതുച്ചട്ടം 9 (എ) (1), 10 (ബി)-ന് വിധേയമായിരിക്കും. ടി താൽക്കാലിക നിയമനം ക്രമീകരിക്കുന്നത് സർക്കാരുദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരാണെന്ന പൊലീസ് അന്വേഷണ റിപ്പോർട്ടിന്റെയും കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും. ടി റിപ്പോർട്ട് എതിരായാൽ ടി താൽക്കാലിക നിയമനം യാതൊരു അറിയിപ്പും കൂടാതെ റദ്ദാക്കുന്നതാണ്. നിയമന ശിപാർശയും 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് പാർട്ട് 2 പൊതുചട്ടങ്ങളിലെ 3 (സി) ചട്ടത്തിന് വിധേയമായിരിക്കും.

ഈ ഉത്തരവ് പ്രകാരം നിയമനം ലഭിക്കുന്ന വ്യക്തി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം നിയമാനുസൃതം നിരീക്ഷണത്തിലായിരിക്കും. കൂടാതെ, കെ.എസ്.ആർ. പാർട്ട് 1 റൂൾ 22, 22 എ., 22 ബി എന്നിവ പ്രകാരം ജനറൽ പ്രൊവിഡന്റ് ഫണ്ട്, കേരള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളിലും നാഷണൽ പെൻഷൻ സ്കീമിലും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ വരിക്കാരാകേണ്ടതുമാണ്.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിച്ച് 7 ദിവസത്തിനുള്ളിൽ ഓഫീസ് തലവൻ മുഖേന ട്രഷറി ഓഫീസർക്ക് PRAN ലഭിക്കുന്നതിനുള്ള

അപേക്ഷ നൽകേണ്ടതുമാണ്. ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ താഴെപ്പറയുന്ന പ്രമാണങ്ങളുടെ അസ്സൽ, പകർപ്പുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ.
2. പ്രീ-എൻടി പരിശീലനം നടന്ന ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ വിടുതൽ ഉത്തരവ്.

Signed by
Salini Gopinath
Date: 18-10-2025 16:50:26

**ഡയറക്ടർ**
**(PEN. 498485)**

To:- ബന്ധപ്പെട്ട ജീവനക്കാർക്ക് (തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ മുഖേന).

പകർപ്പ് :-

1) പ്രിൻസിപ്പാൾ, ക്ഷീരപരിശീലന കേന്ദ്രം, തിരുവനന്തപുരം (ടി 5 പരിശീലനാർത്ഥികളും 8 മാസക്കാല പ്രീ-എൻടി പരിശീലനം പൂർത്തിയാക്കുന്നത് 19.10.2025 അപരാഹ്നം ആണ്. എന്നാൽ അന്നേദിവസവും തൊട്ടടുത്ത ദിവസമായ 20.10.2025-ഉം പൊതുഅവധിയാകയാൽ ടി പരിശീലനാർത്ഥികളെ 21.10.2025 പൂർവ്വാഹ്നം വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ, പ്രീ-എൻടി പരിശീലനത്തിൽ പ്രവേശിക്കുന്ന അവസരത്തിൽ ഉദ്യോഗാർത്ഥികൾ സമർപ്പിച്ചിരുന്ന തിരിച്ചറിയൽ രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ്, അനക്സ്ചർ ഫോം, സ്പാർക്ക് ഫോം, സേവനപുസ്തകം (ഓപ്പൺ ചെയ്തിട്ടുണ്ടെങ്കിൽ) എന്നിവ ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേന എത്രയും വേഗം അയച്ചുകൊടുക്കേണ്ടതാണ്. ആയതിന്റെ പകർപ്പുകൾ താങ്കളുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതുമാണ്).

2) ഡെപ്യൂട്ടി ഡയറക്ടർമാർ (ഇടുക്കി, എറണാകുളം, വയനാട്).

3) ക്ഷീരവികസന ഓഫീസർമാർ (അടിമാലി, മൂന്നാർ/ദേവികുളം -- ഇടുക്കി), (കോതമംഗലം -- എറണാകുളം), (മാനന്തവാടി -- വയനാട്) (കുവപ്പടി -- എറണാകുളം) **(ഡി.ഡി. മുഖേന).**

4) ഡയറക്ടറുടെ മേശപ്പുറത്ത്.

5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

6) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്).

7) ഈ കാര്യാലയത്തിലെ മറ്റെല്ലാ ഓഫീസർമാർക്കും.

8) ഡെപ്യൂട്ടി ഡയറക്ടർമാർ (മറ്റ് 8 ജില്ലാ കാര്യാലയങ്ങൾ) (അറിവിലേക്കായി).

9) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

10) ഈ കാര്യാലയത്തിലെ എല്ലാ സൂപ്രണ്ടുമാർക്കും.

11) ഡെയറി ഫാം ഇൻസ്ട്രക്ടർ, റ്റി.സി. ആന്റ് ഐ.ടി. സെൽ, ഡയറക്ടറേറ്റ് -- ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

12) നോട്ടീസ് ബോർഡ്.

13) സഞ്ചയം DDDKER/54/2023-E1